**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1562** **01-02-2024 - ൽ മറുപടിയ്ക്ക്**

**റിവർ മാനേജ്മെന്റ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പൂർത്തീകരിച്ചതും ഇപ്പോൾ നടന്ന് വരുന്നതുമായ പ്രധാന പ്രവൃത്തികൾ ഏതൊക്കെയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പൂർത്തീകരിച്ചതും ഇപ്പോൾ നടന്ന് വരുന്നതുമായ കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ പ്രധാന പ്രവൃത്തികളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു. മറ്റ് ജില്ലകളിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് യാതൊരു പ്രവർത്തികളും നിലവിൽ നടന്ന് വരുന്നില്ല. |
| (ബി) | പ്രസ്തുത ഫണ്ട് ചെലവഴിക്കാത്തതിനാൽ വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ; | (ബി) | റിവർ മാനേജ്മെന്റ് ഫണ്ട് വക മാറ്റി ചിലവഴിച്ചിട്ടുള്ള കൊല്ലം, പാലക്കാട് ജില്ലകളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; ഇതിനായി റിവർ മാനേജ്മെന്റ് വിദഗ്ദ്ധസമിതി രൂപീകരിക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ള സമിതി രൂപീകരിക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കുമോ; | (സി) | റിവർ മാനേമെന്റ് ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സർക്കാർ അംഗീകരിക്കുന്ന നദിതീര വികസന പദ്ധതകൾ നടപ്പിലാക്കുന്നതിന്<br><br>2. കാലാകാലങ്ങളിൽ നദികളിലെ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന്.<br><br>3, ജില്ലാതല വിദഗ്ധ സമിതി കൂടുന്നതുമായി ബന്ധപ്പെട്ട ചെലവുകളും അനൗദ്യോഗിക അംഗങ്ങളുടെ യാത്രാപടിയും അനുവദിക്കുന്നതിന്.<br><br>4. ഓഡിറ്റ് ചെലവുകൾ വഹിക്കുന്നതിന്.<br><br>5. മണൽ വാരൽ അനുവദിച്ചിട്ടില്ലാത്ത കടവുകൾ അടച്ച് കെട്ടുന്നതിനും സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനും.<br><br>6. കടവുകളിലേയ്ക്ക് വാഹനങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനു 100 മീറ്റർ ദൂരത്തിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിന്. |

| | | | |
|---|---|---|---|
| | | | 7. അനധികൃത മണൽ ഖനനവും കടത്തും തടയുന്നതിനുള്ള പരിശോധന വാഹനങ്ങളുടെ ഇന്ധനചെലവുകൾ വഹിക്കുന്നതിന്.<br><br>8. സർക്കാർ മുൻകൂട്ടി അംഗീകാരം നൽകിയിട്ടുള്ളതും നിർദ്ദേശിക്കുന്നതുമായ മറ്റുപ്രവർത്തികൾ ചെയ്യുന്നതിന്.<br><br>ജില്ലാ വിദഗ്ധസമിതി പുന:സംഘടിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിഗണണിച്ചു വരുന്നു. |
| (ഡി) | നിലവിൽ എത്ര പദ്ധതികളാണ് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക ഉപയോഗിച്ച് നടത്തുന്നതിനുള്ള ഭരണാനുമതിക്കായി കാത്തിരിക്കുന്നതെന്നും ഇതിനായി വേണ്ടി വരുന്ന ഫണ്ട് എത്രയാണെന്നും ഇതിൽ നടപടികൾ വൈകുന്നതിന് കാരണം എന്താണെന്നും വ്യക്തമാക്കുമോ? | (ഡി) | നിലവിൽ റിവർ മാനേജ്മമെന്റ് ഫണ്ടിൽ നിന്നും തുക ഉപയോഗിച്ച് ഭരണാനുമതിയ്ക്കായി കാത്തിരിക്കുന്നതും പ്രസ്തുത പ്രവർത്തികൾക്ക് വേണ്ടിവരുന്ന ഫണ്ട് എത്രയാണെന്നു ബാധകമായിട്ടുള്ള ജില്ലകളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

1.കൊല്ലം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1. | പുനലൂർ മുനിസിപ്പാലിറ്റി അംഗണവാടിക്ക് സമീപം കല്ലട നദിയുടെ ഇടതുകര സംരക്ഷണം | 17,51,103/- |
| 2. | അനധകൃതമായി ആറ്റമണൽ കടത്തിയ KL-24B-2706 നം വാഹനം കസ്റ്റഡിയി ലെടുത്തത് ബഹു. കേരള ഹൈകോടതിയുടെ 10/03/2015 ലെ WP(C)- 20899/2012 നം വിധി നടപ്പിൽ വരുത്തി ഉത്തരവാകുന്നതിന് കക്ഷി കെട്ടി വച്ച തുക തിരികെ നൽകിയ പ്രവർത്തി | 1,05,000/- |
| 3. | കിഴക്കേ കല്ലട പഞ്ചായത്തിൽ പാലപ്പഴിഞ്ഞി കടവിന് സമീപം പുത്തനാറിന്റെ ഇടതു കര സംരക്ഷണം | 16,88,052/- |
| 4. | കുണ്ടറ നിയോജക മണ്ഡലത്തിൽ നെടുമ്പന പഞ്ചായത്തിൽ ഇളവൂർ ഭാഗത്തിനു സമീപം പള്ളിമൺ നദിയുടെ വലതു കര സംരക്ഷണം | 9,78,191/- |
| 5. | ചടയമംഗലം നിയോജക മണ്ഡലത്തിൽ ഇളമാട് പഞ്ചായത്തിൽ കൈമുട്ടിൽ കടവിന് സമീപം ഇത്തിക്കര നദിയുടെ വലതു കര സംരക്ഷണം | 14,93,067/- |
| 6. | കുളക്കട പഞ്ചായത്തിൽ ആട്ടവശ്ശേരി തെങ്ങുവേലി കടവിന് സമീപം കല്ലട നദിയുടെ ഇടതുകര സംരക്ഷണം | 14,95,687/- |
| 7. | കൊല്ലം ജില്ലയിൽ പുനലൂർ മുൻസിപ്പാലിറ്റി ചെങ്കളത്തിന് സമീപം കല്ലടയാറിന്റെ വലതുക്കരയുടെ നവീകരണ പ്രവർത്തനം | 14,02,968 |
| 8. | RMF Audit for 9 years from 2012-13 to 2020-21 | 2,12,400/- |
| 9. | കൊല്ലം ജില്ലയിലെ ഇത്തിക്കര നദിയിലെ മണലിന്റെ അളവ് തിട്ടപ്പെടുത്തിയതിന് | 3,70,000/- |
| 10. | അനധികൃത മണൽ കടത്തൽ തടയുന്നതിനായുള്ള പ്രവർത്തനങ്ങൾക്കും അംഗീകരിക്കുന്ന കടവുകളിൽ നിന്നും ഉള്ള മണൽ വാരൽ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനുമായി കൊല്ലം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും വാഹനം വാങ്ങിയ പ്രവർത്തി | 20,30,226/ |
| 11. | ചടയമംഗലം നിയോജകമണ്ഡലത്തിൽ വെളിനല്ലൂർ പഞ്ചായത്തിൽ പെരപ്പയം പാലത്തിന് സമീപം ഇത്തിക്കര | 29,66,177/- (ഫൈനൽ |

| | | |
|---|---|---|
| | നദിയുടെ വലതുകര സംരക്ഷണം | ബിൽ സമർപ്പിച്ചു. തുക നൽകിയിട്ടില്ല) |
| 12. | കൊല്ലം ജില്ലയിലെ കുളക്കട പഞ്ചായത്തിൽ തേവരുകടവിനും മുക്കടവിനും ഇടയിൽ കല്ലട നദിയുടെ ഇടതു കരയുടെ സംരക്ഷണ പ്രവർത്തനം | 19,73,748/- (I[st] & II[nd] Part ബിൽ സമർപ്പിച്ചു. തുക നൽകിയിട്ടില്ല) |
| 13. | കൊല്ലം ജില്ലയിൽ കുന്നത്തൂർ പഞ്ചായത്തിൽ പാലക്കാട്ടുകടവിനും ഇരുവീട്ടിൻകര കടവിനും ഇടയിൽ കല്ലട നദിയുടെ വലതു കരയുടെ സംരക്ഷണ പ്രവർത്തനം | 21,25,361/- (ഫൈനൽ ബിൽ സമർപ്പിച്ചു. തുക നൽകിയിട്ടില്ല) |
| 14 | കൊല്ലം ജില്ലയിൽ തെന്മല പഞ്ചായത്തിൽ കുന്നമണൽ ഭാഗത്ത് ഉറുകുന്ന് ട്രൈബൽ കോളനിയുടെ അടുത്ത് കല്ലടയാറിന്റെ വലതു കരയുടെ നവീകരണ പ്രവർത്തനം | 24,30,210/- (ഫൈനൽ ബിൽ സമർപ്പിച്ചു. തുക നൽകിയിട്ടില്ല) |

2.തൃശ്ശൂർ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1. | മേലൂർ ഗ്രാമപഞ്ചായത്തിൽ എടത്തറക്കാവ് ക്ഷേത്രത്തിന് സമീപം 100 മീറ്റർ നീളത്തിൽ ചാലക്കുടി പുഴയുടെ ഇടത് കരയുടെ സംരക്ഷണ പ്രവർത്തിയും ക്ഷേത്രക്കടവ് നിർമ്മാണവും | 27,13,100/- |
| 2. | കരുവന്നൂർ പുഴയുടെ റിവർ ബാങ്ക് മാപ്പിംഗ് സാൻഡ് ഓഡിറ്റിംഗ് ഡിജിറ്റൈസേഷൻ എന്നിവയുടെ അന്തിമ തുക അനുവദിച്ചത് | 3,50,000/- |
| 3. | വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നന്തിപുലം വില്ലേജിൽ സർവേ നമ്പർ 68/2-ൽ വാസുപുരം ബണ്ടിന്റെ ഡൗൺ സ്ട്രീമിലായി കുറുമാലിപ്പുഴയുടെ വലത് കരയുടെ സംരക്ഷണ പ്രവർത്തി | 19,80,648/- |
| 4. | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പള്ളം പ്രദേശത്ത് വാർഡ് നമ്പർ 2-ൽ കുറുമാലിപ്പുഴയുടെ ഇടതുക്കരയിൽ വിവിധ ഭാഗങ്ങളിൽ ഇടിഞ്ഞുപോയ തെക്കേ ബണ്ടിന്റെ അടിയന്തര | 7,15,848/- |

| | | |
|---|---|---|
| | സംരക്ഷണ പ്രവർത്തി | |
| 5. | വടക്കാഞ്ചേരി നഗരസഭയിൽ വടക്കാഞ്ചേരി റോഡ് ബ്രിഡ്ജിന്റെ ടൗൺ സ്ട്രീമിൽ വടക്കാഞ്ചേരി പുഴയുടെ വലതു കരയുടെ മെച്ചപ്പെടുത്തൽ പ്രവർത്തിയും സംരക്ഷണ പ്രവർത്തിയും | 14,72,859/- |
| 6. | ഏനമാക്കൽ റെഗുലേറ്റർ അപ്രോച്ച് റോഡിന്റെ അടിയന്തര സംരക്ഷണ പ്രവർത്തികൾ | 9,89,532/- |
| 7. | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പള്ളം പ്രദേശത്ത് വാർഡ് നമ്പർ 2-ൽ കുറുമാലിപ്പുഴയുടെ ഇടതുക്കരയിൽ കുന്നമ്മക്കര കടവിന് സമീപത്ത് ഇടിഞ്ഞുപോയ തെക്കേ ബണ്ടിന്റെ അടിയന്തര സംരക്ഷണ പ്രവർത്തി | 9,89,532/- |

3.പാലക്കാട്

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1. | അനധികൃത മണൽ കടത്തൽ തടയുന്നതിനും സ്ക്വാഡ് പ്രവർത്തനങ്ങൾക്കുമായി പാലക്കാട് ജില്ലയിലേക്ക് റിവർ മാനേജ്മെന്റ് അക്കൗണ്ടിൽ നിന്നും വാഹനം വാങ്ങിയ പ്രവർത്തി | 33,47,316 |
| 2. | കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ ചെക്ക് ഡാമിന് അരികിലെ വലതുവശം സംരക്ഷണഭിത്തി നിർമ്മിച്ചത് | 13,84,089 |
| 3. | തെങ്കര ഗ്രാമപഞ്ചായത്തിലെ തത്തേങ്ങലം പ്രദേശത്ത് കുന്തിപ്പുഴയുടെ ഇടതുവശത്തെ സംരക്ഷണഭിത്തി നിർമ്മിച്ചത് | 38,91,195 |
| 4. | റിവർ മാനേജ്മെന്റ് ഫണ്ട് ഓഡിറ്റ് ചെയ്ത പ്രവർത്തി<br>(13 വർഷം) | 65,000 |

4.കോഴിക്കോട്

| SL No | Work | Amount |
|---|---|---|
| 1. | വേളം പഞ്ചായത്തിലെ കാളംകുളം കോട്ടുകടവ് വാർഡ് നമ്പർ 12 -ൽ കുറ്റ്യാടി പുഴയുടെ വലതു കര സംരക്ഷണം | 51,55,453/- (05.02.2022)<br>10,16,181/-(20.07.2022) |
| 2. | കോഴിക്കോട് കോർപ്പറേഷനിലെ മാളിക്കടവ് കിഴക്കേ മണ്ണോടി വല്ലപ്പറമ്പ് - പൂനൂർ പുഴ ഇടതുക്കര സംരക്ഷണം | 8,72,953/- |
| 3. | എടച്ചേരി ഗ്രാമപഞ്ചായത്ത് പാലോട് പുഴയുടെ സംരക്ഷണം | 14,38,376/- |
| 4. | ഓമശ്ശേരി പഞ്ചായത്തിലെ നടമ്മൽ ഇരുത്തുള്ളി പുഴയുടെ ഇടതുകര സംരക്ഷണ പ്രവർത്തി | 16,58,169/- |

അനുബന്ധം II

1. കൊല്ലം

28/03/2018 ലെ GO(P) No. 51/2018/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം ജില്ലാ ട്രഷറിയിലെ RMF അക്കൗണ്ടായ STSB-703011400000033 ൽ നിന്നും 8,20,93,284 - (എട്ടു കോടി ഇരുപത് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി ഇരുന്നൂറ്റി എൺപത്തിനാല് രൂപ) ധനകാര്യ വകുപ്പ് പിൻ വലിച്ചിരുന്നതും. 22/11/2018 ലെ സ.ഉ(സാധാ) നം.9615/2018/ധന നം സർക്കാർ ഉത്തരവ് പ്രകാരം 1,64,19,000/- രൂപയും (ഒരു കോടി അറുപത്തി നാലു ലക്ഷത്തി പത്തൊമ്പതിനായിരം മാത്രം ) 26/07/2019 ലെ GO(Rt) No. 5947/2019 Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1,00,00,000 രൂപയും (ഒരു കോടി മാത്രം )ഉൾപ്പെടെ 2,64,19,000/- (രണ്ട് കോടി അറുപത്തിനാല് ലക്ഷത്തി പത്തൊമ്പതിനായിരം രൂപ തിരികെ അനുവദിച്ചിട്ടുള്ളതുമാണ്. ബാക്കി തുകയായ 5,56,74,284/- രൂപ (അഞ്ചു കോടി അമ്പത്തിയാറു ലക്ഷത്തി എഴുപതിനാലായിരത്തി ഇരുന്നൂറ്റി എൺപത്തി നാലു രൂപ) ജില്ലയിലെ RMF അക്കൗണ്ടിലേയ്ക്ക് ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ടതായിട്ടുള്ളതാണ്.

2.പാലക്കാട്

പാലക്കാട് ജില്ലയുടെ റിവർ മാനേജ് മെന്റ് ഫണ്ടിൽ നിന്നും 14-12-2017 തീയ്യതിയിലെ G.O (P) No.156/2017/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 12,95,54,397/-രൂപ ( പന്ത്രണ്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി അമ്പത്തി നാലായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ) ധനകാര്യ വകുപ്പ് പിൻവലിച്ചിരുന്നു. ആയതിൽ 3/10/2018 തിയ്യതിയിലെ GO(RT)No 4040/2018/REV നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2,59,11,000/- രൂപ (രണ്ട് കോടി അമ്പത്തൊൻപത് ലക്ഷത്തി പതിനൊന്നായിരം രൂപ) RMF അക്കൌണ്ടിലേക്ക് തിരികെഅനുവദിച്ചിട്ടുള്ളതാണ്. ബാക്കി തുകയായ 10,36,43,397/-രൂപ (പത്ത് കോടി മുപ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ) തിരികെ ലഭ്യമാക്കേണ്ടതായിട്ടുള്ളതാണ്. 11/8/2021 തിയ്യതിയിലെ സ.ഉ(സാധാ)നം.2718/2021/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിലെ പമ്പ നദിയിൽ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിച്ച വകയിൽ ചിലവായ 10,06,371 രൂപ (പത്ത് ലക്ഷത്തി ആറായിരത്തി മുന്നൂറ്റി എഴുത്തിയൊന്ന് രൂപ) കരാറുകാരനായ ശ്രീ മോൻ ജോസഫ് എന്നവർക്ക് അനുവദിച്ചു.

## അനുബന്ധം III

1. കൊല്ലം

റിവർ മാനേജ്മെൻറ് ഫണ്ടിൽ നിന്നും തുക ഉപയോഗിച്ച് നടത്തുന്നതിനുള്ള ഭരണാനുമതിക്കായി കാത്തിരിക്കുന്ന പദ്ധതികൾ ഒന്നും തന്നെ കൊല്ലം ജില്ലയിൽ നിലവിലില്ലാത്തതാണ്. എന്നാൽ ജില്ലാ വിദഗ്ധ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനായുള്ള 6 പദ്ധതികളും സംസ്ഥാന തല വിദഗ്ധ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനായുള്ള 2 പദ്ധതിയും നിലവിലുണ്ട്.ഈ 8 പ്രവർത്തികൾക്കുമായി ആകെ Rs.6,10,69,000/- (ആറു കോടി പത്ത് ലക്ഷത്തി അറുപത്തി ഒൻപതിനായിരം രൂപ മാത്രം) ചെലവ് വരുന്നതാണ്. എന്നാൽ കൊല്ലം ജില്ലയിലെ ആർ എം എഫ് ഫണ്ടിൽ Rs 20,60,982/- (ഇരുപത് ലക്ഷത്തി അറുപതി നായിരത്തി തൊള്ളായിരത്തി എൺപത്തി രണ്ടു രൂപ മാത്രം) ആണ് നിലവിൽ ഉള്ളത്.

2.കോട്ടയം

കോട്ടയം ജില്ലയിൽ മൂവാറ്റുപുഴയാറിൽ വെള്ളൂർ പഞ്ചായത്തിൽ വാർഡ് 12 ൽ പാറയ്ക്കൽ തട്ടവേലി റോഡിന്റെ വലതുകരയിലെ സംരക്ഷണഭിത്തി നിർമാണം 74,00000/-രൂപ, (എഴുപത്തി നാല് ലക്ഷം രൂപ) മീനച്ചിലാറിൽ തിടനാട് പഞ്ചായത്തിൽ മുക്കലടിപാലം-ചട്ടവയലിൽ കൈപ്പള്ളിക്കാവ് റോഡിൽ വലതുകരയിലെ സംരക്ഷഭിത്തിയുടെ നിർമാണം 50,00000/- രൂപ (അമ്പത് ലക്ഷം രൂപ) എന്നീ പ്രവർത്തികൾ .

3.ഇടുക്കി

ഇടുക്കി ഡാമിൻ്റ പദ്ധതി പ്രദേശത്ത് അയ്യപ്പൻകോവിൽ കാഞ്ചിയാർ ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിച്ച് പണിതിരിക്കുന്ന തൂക്കുപാലം അപകടാവസ്ഥയിലായതിനാൽ അറ്റകുറ്റപണികൾ നടത്തുന്നതിന് 22,50,000/- (ഇരുപത്തി രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ) രൂപായുടെ പ്രപ്പോസൽ.

4.തൃശ്ശൂർ

നിലവിൽ 6 പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് 3,19,00000/- (മൂന്ന് കോടി പത്തൊമ്പത് ലക്ഷം രൂപ മാത്രം) രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്.

5.പാലക്കാട്

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിനുള്ള 2 പദ്ധതികൾക്ക് ജില്ലയിൽ ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. (1. മണ്ണാർക്കാട് താലൂക്ക് പയ്യനടം വില്ലേജിൽ കുമരംപുത്തൂർ ഗ്രാമ പഞ്ചായത്തിലെ കുന്തിപ്പുഴയുടെ വലതുകരയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 99 ലക്ഷം രൂപയുടെയും, 2.പട്ടാമ്പി നഗരസഭയിലെ കണ്ടൻതോട് ഭാഗത്ത് സംരക്ഷണ ഭിത്തി

നിർമ്മിക്കുന്നതിനായി 2200000 രൂപയുടെയും (22 ലക്ഷം രൂപ) പ്രൊപ്പോസൽ ജില്ലാ വിദഗ്ദസമിതിയുടെ അംഗീകാരം ലഭിക്കുന്നതിനായുള്ള 13 പദ്ധതികളാണ് നിലവിലുള്ളത്.

6.മലപ്പുറം

19 പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. ആയതിന് വേണ്ടി വരുന്ന ഫണ്ട് – 822.01 ലക്ഷം രൂപ. സംയുക്ത പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് –28 പദ്ധതികൾ. വേണ്ടി വരുന്ന തുക – 852.37 ലക്ഷം രൂപ

7.കോഴിക്കോട്

| | | |
|---|---|---|
| 1. | RMF-protecting the left bank of Cherupuzha at Villerithazham along villerithazham-Gramavanam road in mavoor Panchayath. | 82.50 |
| 2. | RMF-protecting right bank of kuttiady River near house no .356in ward no 7 at Menokki mannil in velom panchayat /Kuttiyady LA. | 99.50 |
| 3. | RMF-protecting Right bank of Poonur puzha at Pullorammal Moonampuzhakkal in ward No.16 of Madavoor Grama panchayath | 61.00 |
| 4. | RMF-protecting the left bank of Ponoor Puzha at Thonikadavath – Chelavoor in Kozhikode corporation | 80.00 |
| 5. | RMF-protecting the right bank of Kuttiady river at Vengadikkal in ward no.10 of Maniyur Panchayath/Kuttiyady LA. | 41.00 |
| 6. | RMF-Protecting the left bank of Manhappuzha at Vellapalam down stream of manjappalam in ward no 6 of Balussery Gramapanchayath | 35.00 |
| 7. | RMF-Protecting the rightbank of Chaliyar rivrer at Aduvattuparamba in ward no.12 of Kodiyathur Panchayath. | 65.00 |
| 8. | RMF-Protection work to the right bank of | 52.10 |

| | | |
|---|---|---|
| | Iruvanhipuzha at Naragali<br>paramba in ward no 9 of Chathamangalam panchayath. | |

| | | |
|---|---|---|
| 9. | RMF- protecting the right bank of Kuttiady river at Mannur Puthen<br>peedika in ward no.13 of Maruthonkara panchayath/ NadapuramLA | 38.00 |
| 10. | RMF- Urgent protection work to the left bank of Kadungampuzha at<br>Parankimavinthottil near House No.8/239A, Kaithapoyil West in ward no.8<br>of puthuppadi Gramapanchayath | 17.00 |

8.കണ്ണൂർ

നിലവിൽ 3 പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 165 ലക്ഷം രൂപ ടി പദ്ധതികൾക്ക് ആവശ്യമായി വരുന്നുണ്ട്.

9.കാസറഗോഡ്

നിലവിൽ 21 പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 825 ലക്ഷം രൂപ ആവശ്യമായി വരുന്നുണ്ട്.